**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2491** **17-03-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടൂർ തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം പദ്ധതിക്ക് കിഫ്ബി അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ നന്നമ്പ്ര, തെന്നല, ഒഴൂർ എന്നീ പഞ്ചായത്തുകൾക്കും തിരൂരങ്ങാടി നഗരസഭയ്ക്കും കുടിവെള്ളത്തിനും കൃഷിക്കും ഉപകാരപ്രദമാണ് എന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | കിഫ്ബി വഴി 50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന മുൻ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്മേൽ ഏകദേശം 73500 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾക്ക് ഇതുവരെ കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞതിനാലും 12000 കോടി രൂപയിലധികം അടങ്കൽ തുക വരുന്ന പദ്ധതികൾ പരിഗണനയിലുള്ളതിനാലും 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 'കുണ്ടൂർതോട് നവീകരണം' എന്ന പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി സമർപ്പിച്ച 15 കോടിയുടെ പദ്ധതി റിപ്പോർട്ട് പരിഗണിക്കാൻ തൽക്കാലം നിർവാഹമില്ല എന്ന വിവരം ഭരണവകുപ്പിനെ കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണ്. എന്നാൽ കിഫ്ബി അംഗീകരിച്ചിട്ടും, പ്രവൃത്തി തുടങ്ങാത്തതും/ നടപ്പിലാക്കാൻ സാങ്കേതിക തടസ്സങ്ങൾ ഉള്ളതുമായ പദ്ധതികൾ ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ കൂടുതൽ പദ്ധതികൾ പരിഗണിക്കുന്നതാണ്. |
| (സി) | പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നത് സർക്കാരിന്റെ പരിഗണയിൽ ഉണ്ടോ? | (സി) | കിഫ്ബി വഴി 50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന മുൻ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്മേൽ ഏകദേശം 73500 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾക്ക് ഇതുവരെ കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞതിനാലും 12000 കോടി രൂപയിലധികം അടങ്കൽ തുക വരുന്ന പദ്ധതികൾ പരിഗണനയിലുള്ളതിനാലും 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ച 'കുണ്ടൂർതോട് നവീകരണം' എന്ന പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി സമർപ്പിച്ച 15 കോടിയുടെ പദ്ധതി റിപ്പോർട്ട് പരിഗണിക്കാൻ തൽക്കാലം നിർവാഹമില്ല എന്ന വിവരം ഭരണവകുപ്പിനെ കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണ്. എന്നാൽ കിഫ്ബി അംഗീകരിച്ചിട്ടും, പ്രവൃത്തി തുടങ്ങാത്തതും/ നടപ്പിലാക്കാൻ സാങ്കേതിക തടസ്സങ്ങൾ ഉള്ളതുമായ പദ്ധതികൾ ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ കൂടുതൽ പദ്ധതികൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ